LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾക്ക് കൈമാറാനുള്ള കുടിവെള്ള പദ്ധതികൾ

99 [1036] *ശ്രീ. ടി. എൻ. പ്രതാപൻ:*
" *കെ. മുഹമ്മദാലി:*
" *ബി. വിജയകുമാർ:*
" *കെ. സുധാകരൻ:*
" *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ മാത്രം പ്രവർത്തിക്കുന്ന എത്ര കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്;

(ബി) ഈ പദ്ധതികളെല്ലാംതന്നെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പദ്ധതികൾ കൈമാറാനുണ്ട്;

(സി) ഇവ കൈമാറാനുള്ള കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്താമോ;

(ഡി) ഇതു കൂടാതെ എത്ര കുടിവെള്ള പദ്ധതികൾ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന 1061 ഏക പഞ്ചായത്ത് പദ്ധതികൾ നിലവിലുണ്ട്.

(ബി) 255 പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇനി 806 പദ്ധതികൾ കൈമാറാനുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നതാണ് ഇവ കൈമാറാനുള്ള കാലതാമസത്തിന്റെ കാരണം.

(ഡി) ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ കൈമാറാൻ നിർദ്ദേശമില്ല.

കരമന നദിയെ മാലിന്യമുക്തമാക്കാൻ പദ്ധതി

100 [1037] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിന്റെ കുടിവെള്ള സ്രോതസ്സായ കരമന നദി മലീമസമായിക്കൊണ്ടിരിക്കുന്നത് തടയാൻ നടപ്പ് സാമ്പത്തിക വർഷം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;